# <u>പാത്തുമ്മ......... എന്ന നന്മ മരം !</u>

പാത്തുമ്മ ഒരു കാൻസർ രോഗിയല്ല.... മറിച്ച് കാൻസറിനൊപ്പം നടക്കാൻ വിധിക്കപ്പെട്ട അനേകം ജന്മങ്ങളുടെ ഒരു പ്രതീകം! ഇത്തരക്കാർ ഇല്ലായിരുന്നെങ്കിൽ അർബുദരോഗികൾ ഏതു സ്നേഹതീരത്താവും അണഞ്ഞിരിക്കുക?

അമ്പത്തിയഞ്ച് വയസ്സ് പ്രായമുള്ള പാത്തുമ്മ എന്ന മുസ്ലിം സ്ത്രീയെ ആദ്യം കാണുന്നത് അവരുടെ ഭർത്താവ് കുഞ്ഞുമുഹമ്മദിനോടൊപ്പമാണ്. അയാൾക്ക് ശ്വാസകോശാർബുദമായിരുന്നു. കൃശഗാത്രനും ക്ഷീണിതനുമായ അയാൾക്ക് മൂന്നാംഘട്ടത്തിന്റെ ദൈന്യതയില്ലല്ലോ എന്ന തോന്നലാണ് പാത്തുമ്മയെ ഞാൻ ശ്രദ്ധിക്കുവാൻ തുടങ്ങിയത്.

പെരിന്തൽമണ്ണയ്ക്കടുത്ത് മുതുകുർശ്ശി എന്ന ചെറുഗ്രാമത്തിൽ നിന്ന് രണ്ട് ബസ്സുകൾ മാറികയറുകയും, ഓട്ടോയിലും, പിന്നീട് കാൽനടയായും വെയിലത്ത് പരീക്ഷീണിതയായി മഫ്ത കൊണ്ട് മുഖത്തെ വിയർപ്പൊപ്പി മുന്നിൽ നിൽക്കുന്ന ഇവർ എനിക്ക് ഒരു പാഠപുസ്തകമായിരുന്നു.

പഴെതൊടിക മുഹമ്മദിന്റെയും ഖദീജയുടെയും ഒമ്പതുമക്കളിൽ പെൺകുട്ടികളിൽ മൂത്തതും, ആകെയുള്ളതിൽ രണ്ടാമത്തെതുമായിരുന്ന പാത്തുമ്മയ്ക്ക് ഔപചാരിക വിദ്യാഭ്യാസമോ ലോകപരിചയമോ ഇല്ലെങ്കിലും വസ്തുതകളെകുറിച്ചും ബന്ധങ്ങളുടെ ആഴത്തെകുറിച്ചുമുള്ള ധാരണ എന്നെ അമ്പരപ്പിക്കുന്നതായിരുന്നു. ആറ് മാസത്തിനുതാഴെ ആയുസ്സ് പറയപ്പെട്ടിരുന്ന കുഞ്ഞുമുഹമ്മദിനേയും കൂട്ടി ഒ.പി.യിൽ വരുമ്പോഴെല്ലാം പാത്തുമ്മയുടെ ശ്രദ്ധയും പരിചരണവും, കൃത്യമായി മരുന്നെത്തിക്കാനുള്ള വ്യഗ്രതയും മറ്റുള്ളവരിൽ നിന്നും ഇവരെ ഓർക്കുന്നതിന് നിദാനമായിരുന്നു. പതുക്കെ ചികിത്സയോടു പ്രതികരിച്ച് മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് കുഞ്ഞുമുഹമ്മദ് പിച്ചവെച്ചു നടക്കുമ്പോഴേയ്ക്കും ഞാൻ പാത്തുമ്മയെ കാത്തിരിക്കുവാൻ തുടങ്ങിയിരുന്നു. നാടൻ പണികൾക്കും മറ്റും പോയി പണിയെടുത്തി

ട്ടാണ് ഭർത്താവിന്റെ അർബുദ ചികിത്സയ്ക്കായി വരുന്നതെന്നുള്ള വിവരം അറിഞ്ഞതുമുതൽ ഇവരുടെ കുടുംബത്തെക്കുറിച്ച് ആരായുകയുണ്ടായി.

ഒരിടവേളയ്ക്കപ്പുറം കുഞ്ഞുമുഹമ്മദിനെയോ പാത്തുമ്മയെയോ കാണാതായപ്പോൾ നാലാംഘട്ടം ശ്വാസകോശാർബുദത്തിന്റെ വരുവാനിട യുള്ള സങ്കീർണ്ണതകൾ എന്റെ പുരികകൊടി ഉയർത്തുന്നതായിരുന്നു ? പൊടുന്നനെ ഒരുദിവസം മദ്ധ്യ വെയിലിൽ മഫ്തകൊണ്ട് മുഖത്തെ വിയർപ്പു മൊപ്പി പാത്തുമ്മ കയറിവരുമ്പോൾ കണ്ണിൽകണ്ട ഭാവം എന്റെ സംശയത്തെ ഉറപ്പിച്ചു...! എന്താണ് എന്ന് ചോദിക്കുമ്പോഴേക്കും കുറച്ച് കടലാസുകൾ എന്റെ നേർക്ക് നീട്ടികൊണ്ട് പതിവ് ശാന്തതയോടെ പറഞ്ഞു. 'സാർ എന്റെ ഉ മ്മയ്ക്കും ഈ ദീനമാണ്. നാവിൽ.....കണ്ടുപിടിയ്ക്കാൻ വൈകിയത്രെ'....നാവ് മുറിക്കണമെന്ന് കോഴിക്കോട് ഡോക്ടർ പറഞ്ഞിരിക്കുന്നു. എഴുപത്തിയഞ്ച് വയസ്സിനുമേലെയുള്ള ഖദീജയുടെ നാവിന്റെ ഭ്രാന്ത് ആ താളുകളിലൂടെ എന്നെ തുറിച്ചുനോക്കുന്നുണ്ടായിരുന്നു.

എന്തേ അറിയുവാൻ വൈകിയത് ? എന്നതിന്റെ ഉത്തരം ഒരു കണ്ണുനീർ ദൂരമായിരുന്നു. പാത്തുമ്മയുടെ ഉപ്പ പഴതൊടിക മുഹമ്മദ് ആകെയുള്ള നാല് പെൺമക്കളിൽ രണ്ടുപേരുടെ വിവാഹം നടത്തികഴിഞ്ഞപ്പോഴെയ്ക്കും കാലയവനികയിൽ മറഞ്ഞിരുന്നു. അയാൾക്കും അർബുദം ആയി രുന്നുവത്രെ! ചിലവേളകളിൽ ചികിത്സാമുറിയിൽ നിന്നും, ഇത്തരം മനുഷ്യാ വസ്ഥകൾക്കിടയിൽ നിന്നും ഒരു ഒളിച്ചോട്ടം നടത്തിയാലോ എന്ന് ചിന്തിച്ചി ട്ടുണ്ട് ! ഒരു കുടുംബത്തിലെ മൂന്നുപേർക്ക് വ്യത്യസ്ത കാലങ്ങളിലായി അർബുദം വരുക, അവരുടെ കൊഴിഞ്ഞുപോക്കിന് കൂട്ടായി ഒരു സ്ത്രീ മാത്രം ഒറ്റയ്ക്കാവുക.

ഇവിടെ സ്മരിക്കപ്പെടേണ്ട ഒരുകാര്യം പാത്തുമ്മയുടെ കൂടെപിറപ്പുക ളായ ആണുങ്ങളെക്കുറിച്ചാണ്. വിദ്യാഭ്യാസം കുറവാണെങ്കിലും ആണുങ്ങൾ പൊതുവെ കൗശലക്കാരാണെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്! വിവാഹം നട ക്കാനിടയില്ലാത്ത പെങ്ങമാരെ ഒഴിവാക്കിയും രോഗബാധിതരായ മാതാപിതാ ക്കളെ ബോധപൂർവ്വം വിസ്മരിച്ച് സ്വന്തം ജീവിതാസക്തികളുമായി കടന്നുകള

യാൻ പുരുഷന്മാർക്കുള്ള അത്രമിടുക്ക് ഏത് മാനേജ്മെന്റ് പഠനത്തെയും വെല്ലുന്നതാണ്.

പാത്തുമ്മയുടെ വിഷയത്തിലും സംഭവിച്ചത് മറ്റൊന്നല്ല. രോഗബാധിതായി കഴിഞ്ഞിരുന്ന മുഹമ്മദിനോട് ഇവരുടെ ആങ്ങളമാർക്കുള്ള നിലപാട് കൗതുകകരമായിരുന്നു. അയാളുടെ ചികിത്സാ ചിലവ് മഹല്ല് കമ്മറ്റി ഏറ്റെടുത്തപ്പോഴും താഴെയുള്ള അനുജത്തിയുടെ വിവാഹം നടത്തുവാൻ കൈമുതലായുള്ള പതിനാല് സെന്റ് സ്ഥലവും വീടും വെറും ഒരുലക്ഷം രൂപയ്ക്ക് പണയപ്പെടുത്തി പാത്തുമ്മ നികാഹ് കബൂലാക്കുമ്പോഴും ഒഴിഞ്ഞ ചിരിയുമായി ഊളിയിട്ട് സ്വന്തം കുടുംബങ്ങളെയും കൊണ്ട് അവർ രക്ഷപ്പെട്ടിരുന്നു.

ഈ പശ്ചാത്തലിൽ വേണം ഇനി ഉമ്മയായ ഖദീജയുടെ നാവിന് വിലപേശുവാൻ പാത്തുമ്മ പോകേണ്ടതെന്ന ചിന്ത വായനക്കാരിൽ ചിലരുടെ കൺകോണുകളിൽ നനവ് പടർത്തുന്നുണ്ടാവാം....എന്നാൽ മറ്റുചിലരിൽ ഇതൊക്കെ എന്ത്? എന്ന തോന്നലുണ്ടെങ്കിലും രണ്ടുകൂട്ടർക്കും ഉമ്മയുടെ ഗതിയെക്കുറിച്ചറിയുവാനുള്ള ത്വര മനസ്സിലാക്കികൊണ്ട് തുടരട്ടെ.

അർബുദ രോഗിയായ കുഞ്ഞുമുഹമ്മദിനെയും കൂലിപണിയ്ക്ക് പോയി തുടങ്ങിയിരുന്ന തന്റെ സ്വന്തം രണ്ട് ആൺമക്കളേയും വിട്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ നിൽക്കാനുള്ള പ്രയാസമാണ് ചെറുപ്പുളശ്ശേരിയ്ക്കടുത്ത സ്വകാര്യ ആശുപത്രിയിൽ ഖദീജയെ എത്തിച്ചത്, സമാധാനിക്കാമല്ലോ, ‘ആരോഗ്യ ഇൻഷൂറൻസ് കാർഡ് ഉണ്ടല്ലോ....’ എന്നാലിവിടെ വിധിയുടെ ചെറിയ തമാശയായി പുതുക്കിയ കാർഡിന്റെ എൻട്രി കമ്പ്യൂട്ടറിൽ ഉൾപ്പെടാതെ പോകുകയായിരുന്നു. ഏതോ ഒരു ഉദ്യോഗസ്ഥന്റെ കാലവിളംബം പാത്തുമ്മയുടെ പ്രതീക്ഷ ഉടച്ചുകളഞ്ഞു. ചികിത്സിച്ച ഡോക്ടർ തന്റെ ഫീസ് ഇളവ് ചെയ്തും ആശുപത്രി അധികൃതരുടെ കരുണകൊണ്ടും ലഭിച്ച കിഴിവുകളും കഴിഞ്ഞപ്പോഴും ഖദീജയുടെ വാമൊഴിയുടെ തുണ്ടിന്റെ ഇറച്ചിവില പതിന്നാലായിരം രൂപ !

മക്കനുള്ളിൽ എന്നും ഒളിപ്പിച്ച നിലയിൽ ഖദീജ കൊണ്ടുനടന്നിരുന്ന ചെവികൾക്ക് വലിയ തുളകളായിരുന്നു. മുക്കാൽ ആയുസ്സ് മുഴുവൻ

താങ്ങിയ കമ്മലിന്റെ അറ്റം ചെവിയൂർന്ന് പോകുമെന്ന് കരുതിയിരിക്കുമ്പോഴാണ് നാവിന്റെ രൂപത്തിൽ അവയ്ക്കൊരു മോചനമുണ്ടാകുന്നത്. വളരെ വേഗം സ്വകാര്യ പണമിടപാടുകേന്ദ്രത്തിലെ ശീതീകരിച്ച മുറിയിൽ നിദ്രയിലായി പഴയ ആ തട്ട് കമ്മൽ....! ഇനി അതിന് അവിടെതന്നെ അന്ത്യവിശ്രമമാകുമെന്ന് ഉറപ്പ്!

ഖദീജയുടെ ചികിത്സയ്ക്കായി നാട്ടിൽ ചില ഉദാരമനസ്ക്കർ മുൻകൈ എടുത്ത് വീണ്ടും മഹല്ല് കമ്മറ്റിയുടെ ഊഴമെത്തിച്ചുവെങ്കിലും ഇത്തവണ അവരുടെ ഉപാധി പാത്തുമ്മയ്ക്ക് തിരിച്ചടിയായി. നോക്കുവാൻ മക്കളുണ്ടായിട്ടും സംരക്ഷിക്കപ്പെടാതെ പോകുന്നതിനാൽ ഇനി നോക്കുവാൻ സൗകര്യപ്പെടില്ല എന്ന് എഴുതികിട്ടണമെന്ന് ആങ്ങളമാരോട് അവർ ആവശ്യപ്പെടുകയും ചെയ്തു. ആരോടും ഒരു പരാതിയും പറയാത്ത, എന്നും അക്ഷോഭ്യയായ പാത്തുമ്മയ്ക്ക്, ഇവിടെ ജീവിതകലപ്പയുടെ ഭാരം താങ്ങാവുന്നതിലപ്പുറമായിരുന്നു. എഴുതികൊടുക്കാത്ത ആങ്ങളമാർ അങ്ങനെ മഹല്ല് കമ്മറ്റിയുടെ വലിയമനസ്സിനെ കൊഞ്ഞനംകുത്തി കാണിച്ചു. സമൂഹത്തിനുമുമ്പിൽ ഉമ്മയെ നോക്കാത്ത മകനെന്നുള്ള പേര് വരാൻ ആരാണ് ശ്രമിക്കുക!.

അപ്പോഴും ചിലർ ഉണ്ടാകും, സാന്നിദ്ധ്യം കൊണ്ട്, ഇടപെടലുകൾ കൊണ്ട്, ചെറിയ നോട്ടം കൊണ്ടുപോലും മറിച്ച് ചിലർ അസാന്നിദ്ധ്യം കൊണ്ടും ഈ ജീവിത കളം വരയ്ക്കുന്നതിൽ പങ്കാളികളാകും. ഒരു ചിരി ദൂരം ഒരായുസ്സിന്റെ കരുതലാക്കി മാറ്റുവാൻ കഴിയുന്ന മനുഷ്യന്മാരേയും പടച്ചോൻ ഈ ദുനിയാവിലേയ്ക്ക് അയച്ചിട്ടുണ്ടെന്ന് പാത്തുമ്മയുടെ ദാർശനികത എന്റെ പുസ്തക വിജ്ഞാനത്തിനും ചെറിയ മനസ്സിനും എത്രമേലെ ? എന്ന് ചൂളലോടുകൂടി ഓർത്തുപോകുന്നു....

ഒന്നിനും നേരമില്ലാത്തവർ..... ഒന്നും കാഴ്ചകളായി തെളിയാത്തവർ....ഇവരും വെള്ളിയാഴ്ചകളിൽ കൃത്യമായി പള്ളികളിൽ ജുമുഅയ്ക്കു പോകുന്നുവെന്ന് കേൾക്കുമ്പോൾ തോന്നും-പടച്ചോനെ നീയാണ് യാതാർത്ഥ സോഷ്യലിസ്റ്റ് !

കേവലം ആറുമാസത്തെ ജീവിതം പ്രവചിക്കപ്പെട്ടിരുന്ന കുഞ്ഞുമുഹമ്മദ് ഇപ്പോൾ ഒന്നരവർഷം പിന്നിട്ടതാണ് ഇതിനിടയിൽ പാത്തുമ്മയ്ക്ക് ആകെ ആശ്വാസയമായത്.

ശസ്ത്രക്രിയയ്ക്കുശേഷം ഖദീജയേയും കൂട്ടി പാത്തുമ്മ എന്റെയടുക്കലെത്തി. പകുതി നാവോടുകൂടിയ ഖദീജയുടെ വായ് ഒരു മലിനമായ ജലാശയം പോലെയായിരുന്നു.  പായലും തവളകളും താമസിക്കുന്ന ഒരു പൊട്ട കിണർപോലെ....!

സംസാരിക്കുവാനും ഭക്ഷണം കഴിയ്ക്കുവാനും പറ്റാതെ മൂക്കിലൂടെ പൈപ്പ് ഇട്ട് ദ്രവരൂപത്തിലുള്ള അൽപാഹാരം മാത്രം എടുക്കുവാൻ കഴിയുന്ന ആ ഉമ്മയുടെ ഉദരത്തിനകത്ത് നിന്ന് എന്റെ ചെവികളിലേയ്ക്ക് കാലഭേദമില്ലാത്ത, ജരാനരകളില്ലാത്ത ശബ്ദങ്ങളുയർന്ന് പൊങ്ങി...! എത്ര തവണകളായി പത്തുമാസക്കാലം ഭാരപ്പെട്ട ആ പേശികൾ ആൺരൂപങ്ങളായി കൈപൊക്കി എന്റെ മുഖം പൊത്തുന്നു....!

'ഇനി എന്റുമ്മയ്ക്ക് ലൈറ്റടിക്കണമെന്നാണ് ഡോക്ടർ പറഞ്ഞിരിക്കുന്നത്..... ആവില്ല സാറെ....ങ്ങള് നോക്കിയാ മതി.... നാളെയും പണിയ്ക്ക് പോകണം.....കാക്കായ്ക്കും വയ്യാണ്ടിരിക്കുവല്ലേ.....എടങ്ങേറാക്കല്ലെ റബ്ബേ...'?

നിങ്ങളിതൊക്കെ എങ്ങനെ താങ്ങുന്നുവെന്ന് എന്നിലെ സാധാരണ മനുഷ്യന്റെ ചോദ്യത്തിന് പടച്ചോൻ തരുന്നതല്ലേ....മ്മ്ള് കൂട്ടിയാ കൂടുവോ....? വീണ്ടും പാത്തുമ്മയുടെ ജീവിതാധാരശിലാ വാചകങ്ങൾ....!

ചില ജന്മങ്ങൾ ഇങ്ങനെയാണ്....ആദ്യം നമുക്ക് അവർ ആ ഭൂമിയിൽ ഒന്നുമല്ലാത്തവരാകും, പിന്നീട് നാം അവരെ ശ്രദ്ധിക്കുവാൻ തുടങ്ങും....പതുക്കെ പതുക്കെ അവരെ കാണുവാൻ കാത്തിരിക്കും.....ഏറെ വൈകാതെ ഇവരെ ഭയാദരങ്ങളോടുകൂടി കണ്ട് മാറിനിന്ന് പഠിക്കുവാൻ തുടങ്ങും. അതെ പാത്തുമ്മയുടെ പാഠഭേദങ്ങളിലൂടെ എനിക്ക് മുമ്പിൽ ഒരു വഴി തെളിഞ്ഞുവരുന്നു. ഗ്രാമത്തിന്റെ പുറത്തേയ്ക്ക് നീണ്ടുകിടക്കുന്ന ആ വഴികൾക്കറ്റത്ത്.... ആകാശത്തിലേയ്ക്ക് വേരുകളും മണ്ണിലേയ്ക്ക് ശിഖരങ്ങളും ഇറക്കി നിൽക്കുന്ന ഒരു ഒറ്റമരം......പാത്തുമ്മയെന്ന നന്മ മരം !

ഡോ: വിനു കൃഷ്ണൻ. M.D
മെഡിക്കൽ ഓഫീസർ
ഗവ. ഹോമിയോപ്പതിക് കാൻസർ സെന്റർ
വണ്ടൂർ, മലപ്പുറം